# Visit of NSA to Moscow (07-09 February 2023)

February 09, 2023

---

**ദേശീയ സുരക്ഷാ ഉപദേഷ്ടാവിന്റെ മോസ്കോ സന്ദർശനം (07-09 ഫെബ്രുവരി 2023)**

ഫെബ്രുവരി 09, 2023

ദേശീയ സുരക്ഷാ ഉപദേഷ്ടാവായ ശ്രീ അജിത് ഡോവൽ 2023 ഫെബ്രുവരി 07-09 വരെയുള്ള തിയ്യതികളിൽ മോസ്കോ സന്ദർശിച്ചു. 2023 ഫെബ്രുവരി 08-ന് അഫ്ഗാനിസ്ഥാനിലെ സെക്യൂരിറ്റി കൗൺസിലുകളുടെ സെക്രട്ടറിമാരുടെ/ദേശീയ സുരക്ഷാ ഉപദേഷ്ടാക്കളുടെ അഞ്ചാമത് ബഹുമുഖ യോഗത്തിൽ അദ്ദേഹം പങ്കെടുത്തു. ആതിഥേയ രാജ്യമായ ഇന്ത്യ, ഇറാൻ, കസാഖ്സ്ഥാൻ, കിർഗിസ്ഥാൻ ചൈന, താജിക്കിസ്ഥാൻ, തുർക്ക്മെനിസ്ഥാൻ, ഉസ്ബെക്കിസ്ഥാൻ എന്നീ രാജ്യങ്ങളെ അവർ ഈ യോഗത്തിൽ പ്രതിനിധീകരിച്ചു. അഫ്ഗാനിസ്ഥാൻ നേരിടുന്ന സുരക്ഷാ, മാനുഷിക വെല്ലുവിളികൾ ഉൾപ്പെടെയുള്ള വിഷയങ്ങളാണ് ചർച്ച ചെയ്തത്.

പ്രാദേശികമായോ ആഗോളതലത്തിലോ അഫ്ഗാനിസ്ഥാന്റെ പ്രദേശങ്ങൾ തീവ്രവാദത്തിന്റെയും ഭീകരവാദത്തിന്റെയും ഉറവിടമായി മാറുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകതയും യുഎൻഎസ്ആർ 1267 നു കീഴിൽ നിയുക്തമാക്കിയവ ഉൾപ്പെടെയുള്ള തീവ്രവാദ സംഘടനകളെ നേരിടാൻ ഇന്റലിജൻസ്, സുരക്ഷാ സഹകരണം ശക്തമാക്കേണ്ടതിന്റെ ആവശ്യകതയും എൻഎസ്എ തന്റെ പ്രസ്താവനയിൽ ഊന്നിപ്പറഞ്ഞു. . അഫ്ഗാൻ ജനതയുടെ ക്ഷേമവും മാനുഷിക ആവശ്യവുമാണ് ഇന്ത്യയുടെ പ്രഥമ പരിഗണനയെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

എൻഎസ്എ ശ്രീ അജിത് ഡോവൽ റഷ്യൻ ഫെഡറേഷൻ പ്രസിഡന്റ് ഹിസ് എക്സലൻസി വ്ലാഡിമിർ പുടിനുമായി കൂടിക്കാഴ്ച നടത്തുകയും ഉഭയകക്ഷി, പ്രാദേശിക വിഷയങ്ങളിൽ വിപുലമായ ചർച്ചകൾ നടത്തുകയും ചെയ്തു. ഇന്ത്യ-റഷ്യ രാജ്യങ്ങൾ തമ്മിൽ വിശേഷാധികാരമുള്ള നയതന്ത്ര പങ്കാളിത്തം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടരാൻ ധാരണയായി.

4. ഇന്ത്യയും എൽ സാൽവഡോറും പങ്കിട്ട മൂല്യങ്ങളിലും പരസ്പര ബഹുമാനത്തിലും അധിഷ്ഠിതമായ അടുത്ത സൗഹൃദബന്ധം ആസ്വദിക്കുന്നു. വർഷങ്ങളായി നമ്മുടെ ഉഭയകക്ഷി ഇടപെടലുകൾ വൈവിധ്യപൂർണ്ണമാണ്. സാമ്പത്തിക, രാഷ്ട്രീയ, വികസന പങ്കാളിത്തം,

വിദ്യാഭ്യാസം, സാംസ്കാരികം തുടങ്ങി വിവിധ മേഖലകളിൽ ഇരു രാജ്യങ്ങളും സഹകരണത്തിൽ ഏർപ്പെടുന്നു.

**ന്യൂ ഡെൽഹി**
**ഫെബ്രുവരി 10, 2023**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.